No.1/19/SRG/CC/LSGD(1)

## 20.06.20190-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 05.02.2019-ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**ഖണ്ഡിക3.7**

ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ നെറ്റ് കണക്ഷൻ നൽകുന്നതിന് CSR ഫണ്ട് ലഭിക്കുന്നതടക്കമുള്ളതിന്റെ സാധ്യത പരിശോധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ ഡയറക്ടർ നൽകിയ റിപ്പോർട്ട് പ്രകാരം സ്വീകരിക്കേണ്ട നടപടികൾ

CSR ഫണ്ട് ഉപയോഗിച്ച് ടവർ നിർമ്മിക്കുന്നത് സംബന്ധിച്ച് വിവിധ കമ്പനികളുമായി ചർച്ച നടത്തിയെന്നും വോഡഫോൺ കമ്പനി ഫീസിബിലിറ്റി പഠനം നടത്തുന്നതിന് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടെന്നും പട്ടികവർഗ്ഗ വികസന വകുപ്പ ഡയറക്ടറുടെ പ്രതിനിധി 05.02.2019-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ അറിയിച്ചിരുന്നു. കൂടാതെ 'എയർടെലി'ന്റെ നെറ്റ് കവറേജ് ഈ പ്രദേശങ്ങളില്ലുണ്ടെന്നും ടവർ സ്ഥാപിച്ചു നൽകിയാൽ സൗജന്യമായി കണക്ഷൻ നൽകാൻ അവർ തയ്യാറാണെന്നും ഐ.കെ.എം ഡയറക്ടർ അറിയിച്ചിരുന്നു.

ഇതിന്റെ സാധ്യത പരിശോധിച്ച് ഇടുക്കി ജില്ലാ കളക്ടറുമായി ചേർന്ന് ആവശ്യമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകാൻ പട്ടികവർഗ്ഗ വികസന വകുപ്പ ഡയറക്ടറേയും ഐ.കെ.എം. ഡയറക്ടറേയും ചുമതലപ്പെടുത്തി. ഇതിന്മേൽ അടിയന്തിരമായി നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണം.

**നടപടി :1) പട്ടികവർഗ്ഗ വികസന വകുപ്പ ഡയറക്ടർ**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.**

### 2.2 27.02.2019-ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**ഖണ്ഡിക 3.3**

ലൈഫ് മിഷൻ പദ്ധതിയിൽ സ്വന്തമായി 3 സെന്റിൽ കുറയാത്ത ഭൂമി വാങ്ങുന്നതിന് രണ്ടു ലക്ഷം രൂപയായി നിരക്ക് നിശ്ചയിച്ചു.

ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനും ഈ നിരക്കു തന്നെ മതിയോ എന്നും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും ഈ നിരക്ക് തന്നെയാണോ എന്നും പരിശോധിക്കണമെന്ന് യോഗം അറിയിച്ചിരുന്നു. ഇതു സംബന്ധിച്ച റിപ്പോർട്ട് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നൽകണം.

**നടപടി :- 1)ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

## 3.പൊതു വിഷയങ്ങൾ

================

**3.1** തദ്ദേശഭരണ സ്ഥാപനങ്ങളിലെ നിലവിലെ ഭരണസമിതിക്ക് പദ്ധതി നിർവഹണ ത്തിന് ലഭിക്കുന്ന അവസാനത്തെ പൂർണ്ണ വർഷമാണ് 2019-20. 2019-20 മികവിന്റെ വർഷമാക്കണമെന്നും പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ മറ്റു ഭരണ ചുമതലകളിലും ഇതു പ്രതിഫലിക്കണമെന്നുമാണ് സർക്കാരിന്റെ ലക്ഷ്യം. നികുതി പിരിവ്, ISO സർട്ടിഫിക്കേഷനടക്കമുള്ള മറ്റു ഭരണപരമായ കാര്യങ്ങൾ എന്നിവയിൽ ഇടപെടൽ നടത്തി നടപടികൾ അതത് വകുപ്പു മേധാവികൾ സ്വീകരിക്കേണ്ടതാണ്.

സംസ്ഥാന തലത്തിൽ ബന്ധപ്പെട്ട വകുപ്പ് മേധാവികൾ (പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമ വികസന കമ്മീഷണർ, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)എല്ലാ മാസവും അതതു വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തി നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കണം. ഇതു സംബന്ധിച്ച റിപ്പോർട്ട് വകുപ്പു മേധാവികൾ നൽകണം.

**ജില്ലാതലത്തിൽ സ്വീകരിക്കേണ്ടവ**

പദ്ധതി നിർവഹണത്തിലെ കാര്യക്ഷമത ഉറപ്പാക്കാൻ പദ്ധതി അവലോകനം ജില്ലാ ആസൂത്രണസമിതി കൃത്യമായി നടത്തണം. അവലോകനം താഴെപ്പറയുന്ന രീതിയിൽ ചിട്ടപ്പെടുത്തണം.

(i) ഗ്രാമപഞ്ചായത്തുകളുടേയും ബ്ലോക്കു പഞ്ചായത്തുകളുടേയും പദ്ധതി അവലോകനം ബ്ലോക്കുതലത്തിൽ നടത്തണം

(ii) ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷൻ എന്നിവയുടെ അവലോകനം ജില്ലാതലത്തിൽ നടത്തണം.

ഈ രീതിയിൽ അവലോകനം ഈ വർഷം കുറഞ്ഞത് 3 പ്രാവശ്യമെങ്കിലും നടത്തണം. ആദ്യഘട്ട അവലോകനം ജൂലൈ 15 മുതൽ ആഗസ്റ്റ് 15 വരെയുള്ള സമയത്ത് പൂർത്തിയാക്കണം. രണ്ടാം ഘട്ടം ഒക്ടോബർ 15 മുതൽ നവംബർ 15 വരെയും മൂന്നാം ഘട്ടം ഡിസംബർ 15 മുതൽ ജനുവരി 15 വരെയുമായി നടത്തണം. പദ്ധതി നിർവഹണ കലണ്ടർ പ്രകാരം നിർവഹണം കാര്യക്ഷമമാക്കുന്നതിനുള്ള ഒരുക്കങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കണം. പദ്ധതി നിർവഹണത്തിലെ തടസ്സങ്ങൾ പരിഹരിക്കാൻ അപ്പപ്പോൾ നടപടി സ്വീകരിക്കണം. സംസ്ഥാനതലത്തിൽ പരിഹരിക്കേണ്ട വിഷയങ്ങൾ ക്രോഡീകരിച്ച് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡി.പി. ഡിവിഷൻ ചീഫ് കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കു നൽകണം. ബ്ലോക്ക്/ജില്ലാതല അവലോകന യോഗങ്ങളിൽ ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ നിർബന്ധമായും പങ്കെടുക്കണം. കഴിവതും അവലോകന യോഗങ്ങളിൽ ജില്ലാ കളക്ടർ പങ്കെടുക്കണം. സാധിക്കാത്ത സ്ഥലങ്ങളിൽ പ്രതിനിധിയെ ചുമതലപ്പെടുത്തണം. ഓരോ ബ്ലോക്ക്തല അവലോകനത്തിനും ജില്ലാ ആസൂത്രണസമിതി മെമ്പർമാർക്ക് ചുമതല വീതിച്ചു നൽകണം. ഇതു സംബന്ധിച്ച സർക്കുലർ

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3.2 ശുചിത്വ മിഷൻ 2018-19-ൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിഹിതം നൽകിയിരുന്നു. ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ വിഹിതം ചെലവഴിച്ചു. എന്നാൽ ഈ തുക ട്രഷറിയിൽ നിന്നും മാറാത്തവരും, തുക മാറി സ്പെഷ്യൽ റ്റി.എസ്.ബി.യിൽ സൂക്ഷിച്ചിട്ടുള്ളവരും ഉണ്ട്. ഇങ്ങനെയുള്ള തുകയ്ക്ക് പദ്ധതികൾ എടുക്കാൻ കഴിയുമോ എന്നും അതിനായി തുക അനുവദിക്കുമോ എന്നും സംബന്ധിച്ച്

ഇപ്രകാരം തുക മാറി സ്പെഷ്യൽ റ്റി.എസ്.ബി.യിൽ സൂക്ഷിച്ചിരിക്കുന്ന എത്ര തദ്ദേശഭരണ സ്ഥാപനങ്ങളുണ്ട്, എത്ര തുകയുണ്ട് തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് നൽകണം. തുക മാറാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ വർഷം തുക അനുവദിക്കുമ്പോൾ പ്രത്യേക പരിഗണന നൽകാൻ കഴിയുമോ എന്നതു സംബന്ധിച്ചും എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് നൽകണം

**നടപടി :- 1)എക്സിക്യൂട്ടീവ് ഡയറകടർ, ശുചിത്വ മിഷൻ**

**3.3** 06.05.2013-ലെ സ.ഉ.(സാധാ) 1209/2013 /തസ്വഭവ നമ്പർ തീരുമാനപ്രകാരം Kerala Social Security Mission നുള്ള വിഹിതം നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് തുടർന്നുള്ള വർഷങ്ങളിലും തദ്ദേശഭരണ സ്ഥാപനങ്ങൾ തുക KSSM-ന് അടയ്ക്കുന്നുണ്ട്. പഴയ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതിനാലാണ് തുക അടയ്ക്കുന്നത്. KSSM-ന് തുക അടയ്ക്കുന്ന രീതി ഇനി തുടരണമോ എന്നതു സംബന്ധിച്ച് പരിശോധിക്കുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം ചേരാൻ തീരുമാനിച്ചു.

**നടപടി :- 1)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**3.5** പദ്ധതി നിർവഹണം കാര്യക്ഷമവും സമയബന്ധിതവുമാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്നവയിന്മേലുള്ള സർക്കുലർ.

(i) നിർവഹണ കലണ്ടർ കൃത്യമായി പാലിച്ച് കഴിവതും 70 ശതമാനമെങ്കിലും പദ്ധതിച്ചെലവ് ഡിസംബർ 31-നകം വരുത്തണം. ഈ ലക്ഷ്യം നേടുന്നതിന് ജൂൺ മാസം 30-ന് 15 ശതമാനവും സെപ്റ്റംബർ 30-ന് 45 ശതമാനവും പദ്ധതി ചെലവ് കൈവരിക്കണം.

(ii) പ്രവൃത്തികളുടെ പാർട്ട് ബിൽ, പ്രത്യേകിച്ച് നിർമ്മാണ പ്രവൃത്തികളുടെ, തയ്യാറാക്കി നൽകണം. എഞ്ചിനീയർമാരെ ഇക്കാര്യത്തിൽ സഹായിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യമായ സഹായം നൽകണം.

(iii) ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഏജൻസിയിൽ നിന്നും എസ്റ്റിമേറ്റ് വാങ്ങി തുക നേരത്തേ നൽകുകയും പ്രോജക്ടുകൾ ഈ വർഷം തന്നെ പൂർത്തിയാക്കുകയും ചെയ്യണം. ഇത് സംബന്ധിച്ച സർക്കുലർ.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3.6** കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് തുടങ്ങിയ ഏജൻസികളിൽ മുൻ വർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിശദാംശങ്ങൾ ഓരോ തദ്ദേശഭരണ സ്ഥാപനം തിരിച്ച് തയ്യാറാക്കണം.

ഇതിനായി ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരുടേയും സെക്രട്ടറിമാരുടേയും യോഗം വിളിച്ച ചേർത്ത് ഇനി പൂർത്തിയാക്കാനുള്ള ഡെപ്പോസിറ്റ് ചെയ്ത പ്രവൃത്തികളുടെ എണ്ണം, തുക, ഡെപ്പോസിറ്റ് ചെയ്ത വർഷം , ഏജൻസിയുടെ പേര് എന്നീ വിശദാംശങ്ങൾ ശേഖരിക്കുകയും മുൻ വർഷങ്ങളിലെ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കാൻ നിർദ്ദേശിക്കുകയും വേണം . യോഗത്തിലേയ്ക്ക് KSEB, KWA, GWD തുടങ്ങിയ ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരെയും വിളിക്കണം.

ജില്ല തിരിച്ച് ഇതിന്റെ വിശദാംശങ്ങൾ ജില്ലാ ആസൂത്രണസമിതിക്ക വേണ്ടി ജില്ലാ പ്ലാനിംഗ് ഓഫീസർ ക്രോഡികരിച്ച് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വികേന്ദ്രീകൃതാസൂത്രണ ഡിവിഷൻ ചീഫ് മുഖേന കോഓർഡിനേഷൻ കമ്മിറ്റിക്ക നൽകണം. ഇത സംബന്ധിച്ച സർക്കുലർ

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3.7** അംഗനവാടി ടീച്ചർമാർക്കും ആയമാർക്കും അധിക ഓണറേറിയം നൽകാനുള്ള പ്രോജക്ട് ഗ്രാമപഞ്ചായത്തും നഗരസഭകളും ഈ വർഷം പദ്ധതിയിൽ ഉൾപ്പെടുത്തണം. ആവശ്യമായ തുക എത്രയെന്ന് ബന്ധപ്പെട്ട ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരും സി.ഡി.പി.ഒ മാരും അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണം. ഇതിനകം വാർഷിക പദ്ധതി അന്തിമമാക്കിയ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതിന് പ്രോജക്ട് തയ്യാറാക്കിയിട്ടില്ലെങ്കിൽ പദ്ധതി ഭേദഗതി സമയത്ത് ഇത് ഉൾപ്പെടുത്തണം. ഇത സംബന്ധിച്ച സർക്കുലർ

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

**3.8** 2019-20-ലെ പരിഷ്കരിച്ച വാർഷിക പദ്ധതി സമർപ്പിക്കാനുള്ള അവസാന തീയതി 12.06.2019 ആയിരുന്നു. ഇത് 29.06.2019 ആയി ദീർഘിപ്പിച്ച നൽകിയിട്ടുണ്ട്. പദ്ധതി നിർവഹണത്തിന്റെ മറ്റ പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയും പ്രകാരം പൂർത്തിയാക്കേണ്ടതാണ്.

| | | |
|---|---|---|
| 1 | വാർഷിക പദ്ധതി അന്തിമമാക്കി ഡി.പി.സിയ്ക്ക് സമർപ്പിക്കൽ | ജൂൺ 29 |
| 2 | വാർഷിക പദ്ധതിയ്ക്ക് ഡി.പി.സി അംഗീകാരം നൽകൽ | ജൂലൈ 2 |
| 3 | സാങ്കേതികാനുമതി വേണ്ടാത്ത സാധാരണ പ്രോജക്ടുകൾക്ക് അംഗീകാരം നേടൽ | ജൂലൈ 10 |
| 4 | എസ്റ്റിമേറ്റ് വേണ്ട പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി/അംഗീകാരം നേടൽ | ജൂലൈ 15 |
| 5 | ടെണ്ടറിംഗ് | ജൂലൈ 22 |
| 6 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പൂർത്തിയാക്കൽ (ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾക്ക് ലിസ്റ്റ് കൈമാറൽ ഉൾപ്പെടെ) | ജൂലൈ 22 |
| 7 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ തുക അടയ്ക്കൽ, മറ്റ തദ്ദേശഭരണ സ്ഥാപനങ്ങൾക്കു തുക കൈമാറൽ തുടങ്ങിയവ. | ആഗസ്റ്റ് 9 |

ആയത് സംബന്ധിച്ച സർക്കുലർ

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3.9 വനിതാ ശിശു വികസന പ്രോജക്ടുകൾ സാമൂഹ്യനീതി വകുപ്പാണ് നിർവഹണം നടത്തിയിരുന്നത്. എന്നാൽ വനിതാ ശിശു വികസനത്തിന് പ്രത്യേക വകുപ്പ് ഇപ്പോൾ രൂപീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സാമൂഹ്യനീതിയുടേയും വനിതാ ശിശു വികസനത്തിന്റേയും പ്രോജക്ടുകൾ നിർവഹണം നടത്താനും വെറ്റിംഗ് നടത്താനുമുള്ള ചുമതല താഴെ പറയും പ്രകാരം നിശ്ചയിച്ചു. ഇതനുസരിച്ച് സുലേഖ സോഫ്റ്റ് വെയറിൽ ക്രമീകരണം നടത്തണം.

**തദ്ദേശഭരണസ്ഥാപനങ്ങളിലെ വനിതാ ശിശു വികസനം, സാമൂഹ്യ ക്ഷേമം എന്നീ മേഖലകളിലെ പ്രോജക്ട് നിർവഹണ ഉദ്യോഗസ്ഥരും പ്രോജക്ട് വെറ്റിംഗ് ഓഫീസർമാരും**

| ക്രമ നം | തദ്ദേശഭരണ സ്ഥാപനം | വനിതാ ശിശു വികസനം | | സാമൂഹ്യ നീതി | |
|---|---|---|---|---|---|
| | | നിർവഹണ ഉദ്യോഗസ്ഥൻ | വെറ്റിംഗ് ഓഫീസർ | നിർവഹണ ഉദ്യോഗസ്ഥൻ | വെറ്റിംഗ് ഓഫീസർ |
| 1 | ഗ്രാമപഞ്ചായത്ത് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | സി.ഡി.പി.ഒ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | സി.ഡി.പി.ഒ |
| 2 | ബ്ലോക്ക് പഞ്ചായത്ത് | സി.ഡി.പി.ഒ | ജില്ലാ ഓഫീസർ വനിതാ ശിശു വികസനം | സി.ഡി.പി.ഒ | ജില്ലാ ഓഫീസർ സാമൂഹ്യനീതി വകുപ്പ് |
| 3 | ജില്ലാ പഞ്ചായത്ത് | ജില്ലാ ഓഫീസർ വനിതാ ശിശു വികസനം | ഡയറക്ടർ വനിതാ ശിശുവികസനം | ജില്ലാ ഓഫീസർ സാമൂഹ്യനീതി വകുപ്പ് | ഡയറക്ടർ സാമൂഹ്യനീതി വകുപ്പ് |
| 4.1 | മുനിസിപ്പാലിറ്റി | ഐ.സി.ഡി.എസ് സൂപ്പർവൈസർ/ സി.ഡി.പി.ഒ | സി.ഡി.പി.ഒ/ ജില്ലാ ഓഫീസർ വനിതാ ശിശു വികസനം | ഐ.സി.ഡി.എസ് സൂപ്പർവൈസർ/ സി.ഡി.പി.ഒ | സി.ഡി.പി.ഒ/ ജില്ലാ ഓഫീസർ സാമൂഹ്യനീതി വകുപ്പ് |
| 5.1 | കോർപ്പറേഷൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ/ സി.ഡി.പി.ഒ | സി.ഡി.പി.ഒ/ ജില്ലാ ഓഫീസർ വനിതാ ശിശു വികസനം | ഐ.സി.ഡി.എസ് സൂപ്പർവൈസർ/ സി.ഡി.പി.ഒ | സി.ഡി.പി.ഒ/ ജില്ലാ ഓഫീസർ സാമൂഹ്യനീതി വകുപ്പ് |

മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും സാമൂഹ്യനീതി വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ ക്ഷേമ സ്ഥാപനം ഉണ്ടെങ്കിൽ, ക്ഷേമ സ്ഥാപനത്തിന്റെ സൂപ്രണ്ട്, നിർവഹണ ഉദ്യോഗസ്ഥനും ജില്ലാ സാമൂഹ്യനീതി ഓഫീസർ വെറ്റിംഗ് ഓഫീസറും ആകേണ്ടതാണ്.

**നടപടി :- 1)സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

3.11 പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് 1.00 ലക്ഷം രൂപയാണ് ധനസഹായം നൽകുന്നത്. മാർഗ്ഗരേഖപ്രകാരം തദ്ദേശഭരണസ്ഥാപങ്ങൾ നൽകുന്ന നിരക്ക് 75,000/-രൂപയണ്. ഇതു വകുപ്പിന്റെ നിരക്കായ 1.00 ലക്ഷം രൂപയായി ഏകീകരിക്കുന്നു. ഇത് സംബന്ധിച്ച ഉത്തരവ്.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4. പ്രത്യേക വിഷയങ്ങൾ

====================

### 4.2 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ധനസഹായം

**ബഹു കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 22.11.2018-ലെ HRMP നമ്പർ 1518/16-ാം നമ്പർ ഉത്തരവ് ( LSGD - DA1-184/16)**

ശ്രീ. എം. ജയമോഹൻ, രാധ ഹൗസ്, ജില്ലാ കോടതി വാർഡ്, ആലപ്പുഴ എന്ന ആളുടെ ഹർജിയിന്മേൽ ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവു പ്രകാരം 16.11.2013-ലെ 362/13/തസ്വഭവ ഉത്തരവിൽ പറയും പ്രകാരം മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ധനസഹായം നൽകാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്.

ഈ വിഷയത്തിന്മേൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവിധ അസോസിയേഷൻ ഭാരവാഹികളുമായി ചർച്ച ചെയ്ത് അടിയന്തിര തീരുമാനമെടുക്കാൻ യോഗം തീരുമാനിച്ചു. ഇതു സംബന്ധിച്ച തുടർ നടപടി

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

### 4.11 പുളിക്കൽ ഗ്രാമ പഞ്ചായത്ത്

**പുളിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.02.2019-ലെ A1-354/19-ാം നമ്പർ കത്തും (ലഭിച്ചത് 11.06.2019) 23.04.2018-ലെ 10(1)--ാം നമ്പർ ഭരണസമിതി തീരുമാനവും ( E - 3564743/19/ MLSGD)**

***പ്രോ.നം. - 185/16*** ***അടങ്കൽ - 3,00,000/- രൂപ (CFC)***

***പേര്:- ചെവിട്ടാണിക്കുന്ന് മായക്കര അംഗനവാടി നവീകരണം***

2016-17-ൽ അംഗനവാടി നവീകരണത്തിന് 3.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കി. തുടർന്നുള്ള വർഷം പ്രോജക്ട് സ്പിൽ ഓവറായി ഉൾപ്പെടുത്തിയില്ല. 2018 ജനുവരിയിൽ പ്രവൃത്തി പൂർത്തീകരിച്ചു. ബില്ലുമായി കരാറുകാരൻ എത്തിയപ്പോളാണ് അപാകത ശ്രദ്ധിച്ചത്. ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച്. ഇതു പരിശോധിച്ച് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകണം.

**നടപടി :-1)പഞ്ചായത്ത് ഡയറക്ടർ**

### 4.12 കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ ഡയറക്ടറുടെ 08.03.2019 -ലെ DIR/KSITM/ 19/03/323 -ാം നമ്പർ കത്ത് ( SRG 536/19)

പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന ലാപ് ടോപുകളുടെ യൂണിറ്റ് നിരക്ക് (മിഡ് ലവൽ) 30,000/- രൂപ ആയിരുന്നു. CPR CS നിരക്ക് ഇതിനേക്കാൾ അധികമാണെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ അറിയിച്ചതനുസരിച്ച് പരിശോധിച്ച് നിരക്ക് അറിയിക്കാൻ ഐ.ടി. മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. 05.02.2019-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ഐ.ടി. മിഷൻ ഡയറക്ടർ അറിയിച്ചതനുസരിച്ച് 38,000/- രൂപ ആയി നിശ്ചയിച്ചു. CPRCS നിരക്കു പ്രകാരം മിഡ് ലെവൽ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ലാപ് ടോപിന് 38,902/- രൂപയാണെന്ന് ഐ.ടി. മിഷൻ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇതിന്റെ

അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിക്കുന്നത് സംബന്ധിച്ച്. മിഡ് ലെവൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ് ടോപ്പുകളുടെ നിരക്ക് 38,902/ രൂപയായി പുതുക്കി നിശ്ചയിക്കാൻ തീരുമാനിച്ചു. ഇത് സംബന്ധിച്ച ഭേദഗതി ഉത്തരവ്

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.13 ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 18.06.2019-ലെ LF2/511/18-ാം നമ്പർകത്ത്**

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന വിഹിതം അനുവദിച്ചിട്ടുണ്ട്. ഈ വിഹിതം ലൈഫ് പ്രോജക്ടുകളിൽ ഉൾപ്പെടുത്തുന്നതിന് സുലേഖ സോഫ്റ്റ് വെയറിൽ സൗകര്യമില്ല. ഇതുൾപ്പെടുത്തുന്നതിന് ക്രമീകരണം വരുത്തണമെന്നതു സംബന്ധിച്ച് വേണ്ട ക്രമീകരണം ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ ചെയ്യണം

**നടപടി :- 1)എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**